പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7717

23.07.2012-ൽ മറുപടിക്ക്

## ഫിഷറീസ് സർവ്വകലാശാല

ചോദ്യം | മറുപടി

| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എം.പി. വിൻസെന്റ്<br>,, പാലോട് രവി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മത്സ്യമേഖലയുടെ വികസനം ലക്ഷ്യമാക്കി സംസ്ഥാനത്ത് പുതിയ സർവ്വകലാശാല സ്ഥാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല. |
| (ബി) | പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ എന്തു തുക വകയിരുത്തിയിട്ടുണ്ട്; കേന്ദ്ര സർക്കാരിൽ നിന്ന് ഇതിനായി ധനസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | 2011-12-ൽ 5 കോടി രൂപ, ഐ.സി.എ.ആർ. 2011-12 ൽ 2 കോടി രൂപ, 2012-13 ൽ 12 കോടി രൂപ. വിവിധ ഗവേഷണ പ്രോജക്ടുകൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. |
| (സി) | പുതിയ സർവ്വകലാശാല മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം തരത്തിൽ ഉപയുക്തമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | സുസ്ഥിര മത്സ്യമേഖല വികസനം ലക്ഷ്യമാക്കി മത്സ്യകൃഷി, മത്സ്യ സമ്പത്തിന്റെ സംരക്ഷണം, പരിപാലനം, മത്സ്യ സംസ്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാംസ്കാരിക ഉന്നമനം, കണ്ടൽ മുതലായ ജനിതക സമ്പത്ത് സംരക്ഷണം തുടങ്ങിയ മേഖലകളിൽ സർവ്വകലാശാലയിൽ നടക്കുന്ന ഗവേഷണങ്ങളിൽ മുൻതൂക്കം നൽകും. |
| (ഡി) | സർവ്വകലാശാല എവിടെ സ്ഥാപിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | കൊച്ചിക്കടുത്ത് പനങ്ങാട് സർവകലാശാല സ്ഥാപിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ